പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1003 11.3.2015 ലെ മറുപടിയ്ക്ക്

**കെ.ടി.ഡി.സി.യുടെ പ്രവർത്തനം**

| ചോദ്യം<br>ഡോ. കെ.ടി.ജലീൽ | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും<br>വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കെ.ടി.ഡി.സി. അടിസ്ഥാന സൌകര്യ വികസനത്തിനായി പുതുതായി ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയ പദ്ധതികൾ ഏതൊക്കെയായിരുന്നു; എത്ര തുക ഓരോ പദ്ധതിക്കും വേണ്ടി ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.ടി.ഡി.സി. അടിസ്ഥാന സൌകര്യ വികസനത്തിനായി പുതുതായി ആവിഷ്കരിച്ച് നടപ്പിൽ വരുത്തിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ചെന്നൈ - ചെന്നൈ മെട്രോപൊളിറ്റൻ സിറ്റിയിൽ 90 മുറികളും 100 ഉം 50 ഉം പേർക്ക് ഇരിക്കാവുന്ന ശീതീകരിച്ച 2 കോൺഫറൻസ് ഹാളും ഉൾപ്പെടുന്ന ഹോട്ടലിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.<br>ചെലവഴിച്ച തുക – 7,31,06,718 രൂപ<br>2. സമുദ്ര – ഏകദേശം 800 പേർക്ക് ഇരിക്കാവുന്നതും കിച്ചൻ സൌകര്യത്തോടു കൂടിയതുമായ കൺവെൻഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു .<br>ചെലവഴിച്ച തുക – 5,18,87,099 രൂപ<br>3. നെയ്യാർ ഡാം - 175 പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാളിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി<br>ചെലവഴിച്ച തുക – 12,25,079 രൂപ<br>4.ചൈത്രം - ചൈത്രം ഹോട്ടലിന്റെ നവീകരണത്തിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽ 12 മുറികളുടെ നവീകരണം നടത്തി പ്രവർത്തനം ആരംഭിച്ചു. അടുത്ത രണ്ടാം ഘട്ടത്തിന്റെ പ്രാരംഭ നടപടികൾ നടന്നു കൊണ്ടിരിക്കുന്നു.<br>ചെലവഴിച്ച തുക – 96,72,379 രൂപ<br>5. മാസ്കറ്റ് - മാസ്കറ്റ് ഹോട്ടലിന്റെ പുതിയ ബേക്കറിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. ആതോടൊപ്പം കിച്ചന്റെ നവീകരണം യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കി വരുന്നു. കൂടാതെ റിസപ്ഷൻ ലോബിയുടേയും നവീകരണം തുടങ്ങാനുള്ള നടപടികൾ പൂർത്തിയാക്കി വരുന്നു. എല്ലാ മുറികളുടെയും നവീകരണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. അനക്സ് ബ്ലോക്കിന്റെ സ്ട്രക്ചറൽ ഗ്ലേസിംഗിന്റെ പണി പൂർത്തിയായി<br>ചെലവഴിച്ച തുക –75,81,722 രൂപ<br>6. തണ്ണീർമുക്കം - അടച്ചിട്ടിരുന്ന തണ്ണീർമുക്കം ആയുർവ്വേദിക് ലേക്ക് റിസോർട്ടിന്റെ 37 മുറികൾ ശീതീകരിച്ച് നവീകരിക്കുകയും ഒരു കെട്ടിടം A/C കോൺഫറൻസ് ഹാൾ ആക്കി പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ചെലവഴിച്ച തുക – 1,82,96,970 രൂപ<br>7. ആരണ്യ നിവാസ്, തേക്കടി - ആരണ്യ നിവാസിലെ നിത്യേനയുള്ള പ്രവർത്തനത്തെ ബാധിക്കാതെ 30 മുറികളുടെയും Lobby, Beer Parlour, Ayurvedic Centre, Reception എന്നിവയുടെ നവീകരണം യുദ്ധകാലാടിസ്ഥാനത്തിൽ |

<table>
<tr><td></td><td></td><td></td><td>പൂർത്തിയാക്കി. ചെലവഴിച്ച തുക – 1,15,77,453 രൂപ<br>8. <u>ബോൾഗാട്ടി</u> - 1000 പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാളിന്റെയും 500 പേർക്ക് ഇരുന്നു ഭക്ഷണം കഴിക്കാവുന്ന ഡൈനിംഗ് ഹാളിന്റെയും പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. വിശാലമായ കാർ പാർക്കിംഗ് ഒരുക്കിയിട്ടുണ്ട്.<br>ചെലവഴിച്ച തുക – 1,18,16,051 രൂപ<br>9. <u>മോട്ടൽ ആരാം, കായംകുളം, ആലപ്പുഴ</u> - എന്നീ യൂണിറ്റുകളിൽ കോൺഫറൻസ് ഹാളിന്റെ നിർമ്മാണം പൂർത്തിയാക്കി. പ്രവർത്തനം ആരംഭിച്ചു.<br>ചെലവഴിച്ച തുക - മോട്ടൽ ആരാം, കായംകുളം– 26,32,949 രൂപ<br>മോട്ടൽ ആരാം, ആലപ്പുഴ - 17,06,811 രൂപ<br>10. <u>ടാമറിന്റ്</u> - കൊല്ലം , മണ്ണാർക്കാട്, കണ്ണൂർ എന്നീ യൂണിറ്റിന്റെ പെയിന്റിംഗ് പണിയും കോൺഫറൻസ് ഹാളിന്റെ നിർമ്മാണവും പൂർത്തിയാക്കി<br>ചെലവഴിച്ച തുക (ടാമറിന്റ് , കൊല്ലം ) - 20,58,915 രൂപ<br>ചെലവഴിച്ച തുക (ടാമറിന്റ് , മണ്ണാർക്കാട് )- 2,14,095 രൂപ<br>ചെലവഴിച്ച തുക (ടാമറിന്റ് , കണ്ണൂർ ) - 82,57,498 രൂപ<br>11. നിലമ്പൂർ, കൊണ്ടോട്ടി, കൊട്ടാരക്കര, വൈക്കം, തണ്ണീർമുക്കം, പുനലൂർ എന്നീ യൂണിറ്റുകളിലെ ജല ദൌർലഭ്യം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു.<br>12. ഗുരുവായൂർ ടാമറിന്റിന്റെ നവീകരണ പ്രവർത്തനം തുടങ്ങുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയാണ്. ഗുരുവായൂർ നന്ദനത്തിന്റെ 45 മുറികളുടെയും കോൺഫറൻസ് ഹാളിന്റെയും നവീകരണം പൂർത്തിയായി.<br>ചെലവഴിച്ച തുക (നന്ദനം, ഗുരുവായൂർ) – 66,13,478 രൂപ</td></tr>
<tr><td>ബി)</td><td>ഓരോ സാമ്പത്തിക വർഷവും സർക്കാർ കെ.ടി.ഡി.സി..യ്ക്ക് എത്ര തുക വീതം നല്കി എന്ന് അറിയിക്കാമോ;</td><td>ബി)</td><td><table><tr><td>വർഷം</td><td>തുക</td></tr><tr><td>2012-13</td><td>6 കോടി</td></tr><tr><td>2013-14</td><td>6.5 കോടി</td></tr><tr><td>2014-15</td><td>6.5 കോടി വകയിരുത്തിയിട്ടുണ്ട്</td></tr></table></td></tr>
<tr><td>സി)</td><td>കെ.ടി.ഡി.സി.യുടെ നിലവിലുള്ള കടബാധ്യതകൾ വിശദമാക്കാമോ;</td><td>സി)</td><td>എസ്.ബി.ഐ.യിൽ നിന്നും എടുത്ത 1.64 കോടി രൂപയുടെ ലോൺ അടച്ച് തീർക്കേണ്ടതായിട്ടുണ്ട്</td></tr>
<tr><td>ഡി)</td><td>കെ.ടി.ഡി.സി.യുടെ കഴിഞ്ഞ 5 വർഷത്തെ ആഡിറ്റ് ചെയ്ത ലാഭ നഷ്ട കണക്കുകൾ വിശദമാക്കാമോ ;</td><td>ഡി)</td><td>കെ.ടി.ഡി.സി.യുടെ 2011-12 വരെയുള്ള കണക്കുകളാണ് ആഡിറ്റ് ചെയ്തിട്ടുള്ളത്.<table><tr><td>വർഷം</td><td>പ്രവർത്തന ലാഭം</td><td>അറ്റാദായം<br>(ലക്ഷത്തിൽ)</td></tr><tr><td>2007-08</td><td>146.49</td><td>46.37</td></tr><tr><td>2008-09</td><td>519.38</td><td>45.67</td></tr><tr><td>2009-10</td><td>471.85</td><td>26.67</td></tr><tr><td>2010-11</td><td>482.23</td><td>57.03</td></tr><tr><td>2011-12</td><td>414.83</td><td>(-)70.07</td></tr></table></td></tr>
</table>

| | | | |
|---|---|---|---|
| ഇ) | കെ.ടി.ഡി.സി.യുടെ ഏതെങ്കിലും യൂണിറ്റുകളുടെ പ്രവർത്തനം അവസാനിപ്പിക്കുകയുണ്ടായിട്ടുണ്ടോ ; നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കാമോ ? | ഇ) | ഉണ്ട്. ഗുരുവായൂർ ദേവസ്വം ബോർഡിന്റെ കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന മംഗല്യ റസ്റ്റോറന്റിന്റെ പാട്ടക്കരാർ പുതുക്കി തരാത്തതിനാലും ഡൽഹിയിലെ "അനന്ത" തുടർച്ചയായ നഷ്ടത്തിലായതിനാലും പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ട്. കൂടാതെ ആതിരപ്പള്ളി മോട്ടൽ ആരാം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ